ശ്രീ. ഉമ്മൻചാണ്ടി : വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതുസംബന്ധിച്ച സംസ്ഥാന ഗവൺമെന്റ് കൊടുത്തിരിക്കുന്ന നിർദ്ദേശം, പാസ്പോർട്ടുമായി ചെല്ലുന്നവർക്കു മാത്രമേ വോട്ടുചെയ്യാൻ അവകാശം ഉണ്ടായിരിക്കൂ എന്നുള്ളതാണ്. പാസ്പോർട്ടിൽ അവർ ഇന്ത്യയിൽ പ്രവേശിച്ച ഡേറ്റും മറ്റു കാര്യങ്ങളും ഉണ്ടാകും അതനുസരിച്ചുമാത്രമേ അവർക്കു വോട്ടുചെയ്യാൻ സാധിക്കൂ. ഈ നിലയിൽ ഉള്ള Voting Right ഇന്ത്യാക്കാർക്കു കൊടുക്കുന്നതുകൊണ്ട് കള്ളവോട്ട് ചെയ്യുന്നതിനുള്ള അവസരം ഒരിക്കലും ഉണ്ടാവുകയില്ല. റേഷൻ കാർഡിന്റെ കാര്യത്തിൽ അതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചു തീരുമാനം എടുക്കും.

ആദിവാസികൾക്ക് ഭൂമി നൽകുമെന്ന പ്രഖ്യാപനം

2 [*149] ശ്രീ. എം. വി. ജയരാജൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, ടി. വി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഏത് രീതിക്ക് മുൻപായി 5 ഏക്കർ ഭൂമി വീതം നൽകുമെന്നായിരുന്നു മുൻസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നത്;

(സി) ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം കേന്ദ്രങ്ങളിൽ ആദിവാസി കുടുംബങ്ങൾ ഭൂസമരം നടത്തിവരുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുന്ന നടപടി പൂർത്തിയായിട്ടില്ല. പ്രസ്തുത ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഭൂരഹിതരും, ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് പുരുങ്ങിയത് ഒരേക്കർ ഭൂമിയും ലഭ്യതയ്ക്കനുസരിച്ച് 5 ഏക്കർ വരെയും വിതരണം ചെയ്യണമെന്നാണ് തീരുമാനിച്ചിരുന്നത്. എല്ലാവർക്കും ഭൂമി കൊടുത്തു തീർക്കുന്നതിനായി പ്രത്യേക സമയ പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിൽ ജില്ലാ കളക്ടർമാർ മുഖാന്തിരം ശേഖരിച്ച വിവരങ്ങളനുസരിച്ച് 22052 ഭൂരഹിത ആദിവാസി കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തി. മിഷൻ പ്രവർത്തനം ആരംഭിച്ചശേഷം 2901 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കും, ഒരേക്കറിൽ താഴെയുള്ള 307 കുടുംബങ്ങൾക്കും ഭൂമി നൽകിയിട്ടുണ്ട്. ഇനിയും 19151 ഭൂരഹിത കുടുംബങ്ങൾക്കുകൂടി ഭൂമി നൽകേണ്ടതുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) തിരുവനന്തപുരം ജില്ലയിൽ തെന്നൂർ വില്ലേജിലെ പെറ്റച്ചൽ ജഴ്സി ഫാമിന്റെ ഭൂമി സംബന്ധമായ ചില പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. വി. ജയരാജൻ : സർ, കഴിഞ്ഞ മൂന്നുവർഷമായി ആദിവാസികളുടെ ഭൂമി വിതരണം ഫലപ്രദമായി നടക്കുന്നില്ലെന്നുള്ള ഒരു കുറ്റസമ്മതമാണ് അങ്ങയുടെ മറുപടി. അങ്ങ് പറഞ്ഞ കണക്കു പ്രകാരം 54183 പേർക്ക് ഭൂമി നൽകണമെന്നാണ്. അതിൽ 3208 കുടുംബങ്ങൾക്കാണ് നൽകിയത്. ബാക്കി 50375 കുടുംബങ്ങൾക്ക് ഭൂമി കൊടുക്കാനുണ്ട്. ആകെ ഭൂമിക്കർഹരായിട്ടുള്ളവരുടെ ആറു ശതമാനം കുടുംബങ്ങൾക്കു മാത്രമേ ഭൂമി നൽകിയിട്ടുള്ളൂ. കേന്ദ്ര സർക്കാരിൽ നിന്നു വന ഭൂമി വിട്ടുതരുന്നതിനുവേണ്ടി നാം ആവശ്യപ്പെട്ടതനുസരിച്ച് 6-2-2004-ന് 769 ഹെക്ടർ ഭൂമി നൽകാമെന്ന് സമ്മതിച്ചിരുന്നു. അതിന് അവർ ഏഴ് നിബന്ധനകളാണ് പറഞ്ഞിരുന്നത്. അതിൽ ഒരു നിബന്ധന 60 കോടി രൂപ ഭൂമിയുടെ വിലയായി നൽകണമെന്നുള്ളതാണ്. രണ്ടാമത്തെ നിബന്ധന വിട്ടുതരുന്ന ഭൂമിക്ക് തത്തുല്യമായ സ്വകാര്യ ഭൂമി അക്വയർ ചെയ്യണം എന്നതാണ്. അതിന് ബഡ്ജറ്റിൽ പ്രൊവിഷൻ വയ്ക്കണം. മൂന്നാമത്തെ നിബന്ധന ഭൂമി അക്വയർ ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റിന് നൽകണം-ഇത്രയും പ്രധാനമായ നിബന്ധനകളാണുള്ളത്. ഈ നിബന്ധനകൾ പാലിക്കാൻ എന്തെല്ലാം കാര്യങ്ങൾ ഗവൺമെന്റ് ചെയ്തിട്ടുണ്ട്? നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റിന് അയച്ചോ? 60 കോടി രൂപ അടച്ചോ? ഈ ബഡ്ജറ്റിൽ ഭൂമി അക്വയർ ചെയ്യുന്നതിനുവേണ്ടി എത്രരൂപ വകയിരുത്തിയിട്ടുണ്ട്?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, നമ്മുടെ രാജ്യത്തെ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകാൻ ഏറ്റവും പ്രധാനമായത് വന ഭൂമി വിട്ടുകിട്ടുന്നതിനുവേണ്ടിയുള്ള ശ്രമമാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി വളരെ താൽപര്യമെടുത്തുകൊണ്ടാണ് അതിന് തുടക്കം കുറിച്ചത്. വളരെ സന്തോഷകരമായ ഒരു വാർത്ത ഇന്നലെ വന്നു. 19000 ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിന് നമ്മർ കേന്ദ്ര ഗവൺമെന്റിലും സുപ്രീം കോടതിയിലും ആവശ്യപ്പെട്ടിരുന്നത്, 600 കോടി രൂപ ഒഴിവാക്കിക്കൊണ്ട് ഭൂമി വിട്ടുതരണമെന്നാണ്. കേന്ദ്ര ഗവൺമെന്റ് ഇന്നലെ അതിനനുകൂലമായ സത്യവാങ്മൂലം സുപ്രീംകോടതിയിൽ നൽകിയതായി അറിയിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് സുപ്രീം കോടതി അതിനനുകൂലമായ നിലപാടെടുത്താൽ നമുക്ക് ആവശ്യമായ ഭൂമി വിട്ടുകിട്ടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സ്വകാര്യ ഭൂമി അക്വയർ ചെയ്യാനുള്ള നടപടിയായോ ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, 2003-ൽ ചീഫ് സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ച് നമുക്കാവശ്യമായ ഭൂമികൾ കേരളത്തിന്റെ പല ഭാഗത്തും കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റ് നൽകുന്ന വനഭൂമി കൂടി കിട്ടിക്കഴിഞ്ഞ് പിന്നീട് വരുന്ന ഭൂമി ആവശ്യമുണ്ടെങ്കിലേ അത്തരം കാര്യങ്ങളിലേയ്ക്ക് പോകേണ്ടതുള്ളൂ.

ശ്രീ. എം. വി. ജയരാജൻ : സർ, വയനാട് ജില്ലയിൽ ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ 18 കേന്ദ്രങ്ങളിലായി 2035 കുടുംബങ്ങൾ 10141 ആദിവാസികൾ ഏതാണ്ട് 5020 ഏക്കർ ഭൂമിയിൽ കഴിഞ്ഞ മൂന്നുവർഷക്കാലമായി കുടിൽകെട്ടി താമസിച്ചു വരുന്നു. അവർ അവിടെ കപ്പ, മുത്താറി, ചേന, നെല്ല്, വാഴ, ഇഞ്ചി, കുരുമുളക് എന്നിവ കൃഷിചെയ്തുവരുന്നു. ഇങ്ങനെയുള്ള കുടുംബങ്ങൾക്ക് കൈവശരേഖ കൊടുക്കാവുന്നതേയുള്ളൂ. 2004 ഒക്ടോബർ മാസം 11, 12 തീയതികളിൽ കളക്ടർമാരുടെ കോൺഫറൻസിൽ ഗവൺമെന്റിന്റെ ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട കുറിപ്പിൽ പറയുന്നത്. "All necessary quick steps may be taken for issuing Possession Certificates to all Tribes living inside forest area which may be completed in a time-bound manner" എന്നാണ്. ഇതുപ്രകാരം ഈ കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിനു വേണ്ടി വല്ല നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വനഭൂമി കൈയേറി താമസം തുടരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനം വകുപ്പുമായി ആലോചിച്ചതിനുശേഷമേ അവർക്ക് ഭൂമി നൽകുന്ന കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, XI-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ നക്ഷത്രചിഹ്നമിട്ട 41-ാം നമ്പർ ചോദ്യത്തിന് അന്നത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി കേരളത്തിലെ ഭൂരഹിതരായ ആദിവാസികളുടേയും ഒരേക്കർ ഭൂമി മാത്രമുള്ള ആദിവാസികളുടേയും വിശദമായ കണക്ക് നൽകിയിരുന്നു. ആ കണക്കുപ്രകാരം 54000 കുടുംബങ്ങൾക്ക് കേരളത്തിൽ ഭൂമി ലഭിക്കേണ്ടതായിട്ടുണ്ടെന്നാണ് വിശദീകരിച്ചിട്ടുള്ളത്. അതുപ്രകാരം ആദിവാസികൾക്ക് ഭൂമി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വലിയ പ്രക്ഷോഭങ്ങളുണ്ടായപ്പോൾ സമര സംഘടനകളുമായി ചേർന്ന് ഒരു ഒത്തുതീർപ്പ് സർക്കാർ ഉണ്ടാക്കിയിരുന്നു. 2002 ജൂൺ മാസം 18-നും 2002 ജൂലൈ മാസം ഒന്നിനുമാണ് സമരസംഘടനകളുമായി ചേർന്ന് അങ്ങനെയൊരു ഒത്തുതീർപ്പുണ്ടായത്. ആ ഒത്തുതീർപ്പ് വ്യവസ്ഥപ്രകാരം ഒരു വർഷക്കാലത്തിനിടയിൽ ഒരേക്കർ ഭൂമിയുള്ള ആളുകൾക്ക് പരമാവധി അഞ്ചേക്കർ വരേയും തീരെ ഭൂമിയില്ലാത്ത ആളുകൾക്ക് അഞ്ച് ഏക്കർ വരേയും കൊടുക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുകയും ഈ സർക്കാർ നടപ്പാക്കിയ ആദിവാസി ക്ഷേമപ്രവർത്തനമായി അതിനെ വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. ഈ കാലയളവിനിടയിൽ എത്രപേർക്ക് ഏതൊക്കെ സ്ഥലങ്ങളിൽ ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ : സർ, തീർച്ചയായിട്ടും. ഏതാണ്ട് 2252 ഭൂരഹിത ആദിവാസി കുടുംബങ്ങളെയാണ് നമ്മൾ തിട്ടപ്പെടുത്തിയിട്ടുള്ളത്. ബാക്കി വരുന്ന 31000 ഒരേക്കറിൽ താഴെ ഭൂമിയുള്ളവരാണ്. ഭൂരഹിതരായ ആദിവാസികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ഭൂമി കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു വർഷത്തിനകം എല്ലാപേർക്കും ഭൂമികൊടുക്കുമെന്ന് തീരുമാനിച്ചതായി അദ്ദേഹം പറയുകയുണ്ടായി. അത്തരമൊരു തീരുമാനമെടുത്തിട്ടില്ല. ലഭ്യതയനുസരിച്ച് ഒരു ഏക്കർ മുതൽ അഞ്ച് ഏക്കർവരെ ഭൂമി കൊടുക്കുമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു വർഷമെന്നുള്ളത് ആ തീരുമാനത്തിന്റെ ഭാഗമായി പറഞ്ഞിട്ടില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കേന്ദ്ര ഗവൺമെന്റ് നിക്ഷിപ്ത വന ഭൂമി സംസ്ഥാന സർക്കാരിന് നൽകിയാൽ മാത്രമേ ആദിവാസികൾക്ക് ഭൂമി നൽകുന്ന പ്രക്രിയ സംസ്ഥാന ഗവൺമെന്റിന് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളു. അങ്ങനെ ഏഴായിരത്തി ചിലവാനം ഏക്കർ വനഭൂമി കേരളത്തിന് വിട്ടുതരുന്നതിനെ സംബന്ധിച്ച് കേന്ദ്രം ആലോചന നടത്തുകയും കേന്ദ്രം ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകളിറക്കുകയും ചെയ്തു. ആ ഉത്തരവിലെ നിബന്ധനകളാണ് ശ്രീ. എം. വി. ജയരാജൻ നേരത്തേ സൂചിപ്പിച്ചത്. അതിനകത്ത് പറഞ്ഞിട്ടുള്ള വിവിധ നിബന്ധനകൾ നമ്മുടെ സംസ്ഥാന സർക്കാരിന് പാലിക്കാൻ സാധിക്കുന്നവയാണ്. 13000 ഹെക്ടർ മറ്റ് വിഭാഗങ്ങളിൽപ്പെട്ട ഭൂമി വന ഭൂമിയാക്കണം. അതുപോലെതന്നെ ഏറ്റെടുക്കുന്ന അത്രയും ഏരിയയ്ക്ക് തുല്യമായി വനവൽക്കരണം നടത്തണം, ബഡ്ജറ്റ് വിഹിതം നൽകണം. അങ്ങനെ വളരെ കടുത്ത നിബന്ധനകളാണ് കേന്ദ്രഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുവേണ്ടി ഇനി ഒരിക്കലും ഭൂമി ആവശ്യപ്പെടാൻ പാടില്ലെന്നുള്ള നിബന്ധനയും വച്ചിട്ടുണ്ട്. ഇപ്പോൾ അതിനൊക്കെ relaxation വരുമെന്നുള്ള നിലയിലാണ് മന്ത്രി ഇന്നലത്തെ വാർത്തയെ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുന്നത്. പക്ഷെ നിക്ഷിപ്ത വനഭൂമിയുടെ കാര്യത്തിൽ എന്തെങ്കിലും വിട്ടുവീഴ്ചയ്ക്ക് പരിസ്ഥിതി മന്ത്രാലയം തയ്യാറാകുമെന്ന ഒരു സൂചനയും ഇപ്പോൾ ഇല്ല. ആ സാഹചര്യത്തിൽ ഈ പറഞ്ഞ നിബന്ധനകളിൽ ഏതൊക്കെ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ അങ്ങയുടേയും മുൻ മന്ത്രിമാരുടേയും നേതൃത്വത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ, അതിന്റെ അടിസ്ഥാനത്തിൽ നിക്ഷിപ്ത വനഭൂമി എത്ര സമയത്തിനകം ആദിവാസികൾക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചും വിശദീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് വളരെ അനുകൂലമായ തീരുമാനം എടുത്തിട്ടുണ്ട്. സുപ്രീം കോടതിയുടെ നിബന്ധനയനുസരിച്ച് മാത്രമേ വന ഭൂമി കൈമാറുവാൻ കേന്ദ്രത്തിന് കഴിയുകയുള്ളൂ എന്നുള്ളതുകൊണ്ട് അതിന് അനുകൂലമായി പൂർണ്ണമായിത്തന്നെ നമുക്ക് ഭൂമി വിട്ടുതരുന്നതിനുള്ള നിലപാട് കേന്ദ്ര പരിസ്ഥിതി വകുപ്പ് എടുത്തു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്നു തന്നെ വനഭൂമി നമുക്ക് ലഭിക്കും. ലഭിച്ചു കഴിഞ്ഞാൽ വളരെ പെട്ടെന്ന് ആദിവാസികളുടെ കയ്യിൽ ഭൂമി എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്കുള്ള ഭൂമി വിതരണത്തിന്റെ രണ്ടാം ഘട്ടത്തിൽ പൂർണ്ണമായി ഭൂമി നൽകും എന്നാണ് ആദിവാസി സംഘടനകളുമായിട്ടുള്ള ഒത്തുതീർപ്പിൽ പറയുന്നത്. രണ്ടാം ഘട്ടത്തിലെ ആ ഘട്ടം ഏതാണ് എന്ന് നിർണ്ണയിക്കപ്പെട്ടോ എന്ന് അറിയില്ല. ഞാൻ ഉന്നയിക്കുന്ന പ്രശ്നം, ഈ ആദിവാസി കുടുംബങ്ങൾക്ക് നൽകാനുള്ള ഭൂമി എത്രയാണെന്ന് നിർണ്ണയിച്ച് ആ ഭൂമി ആദിവാസികൾക്ക് കൊടുക്കുന്നതിനുള്ള സോഴ്സ്, വന ഭൂമി അതുപോലെ സ്വകാര്യ ഭൂമി ഏറ്റെടുക്കൽ ഇത് സംബന്ധിച്ച കാര്യങ്ങൾ ഗവൺമെന്റ് നിർണ്ണയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. പി. അനിൽകുമാർ : പൂർണ്ണമായും നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. നമുക്ക് നിലവിലുള്ള ഭൂമിയിൽ നിന്ന് ആറളം ഫാം, ആലങ്കോട് എസ്റ്റേറ്റ് തുടങ്ങിയവയുടെ ഭൂമിയും അതോടൊപ്പം തന്നെ 2003-ലെ ചീഫ് സെക്രട്ടറി കൺവീനറായി കണ്ടെത്തിയ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് തുടങ്ങിയ ജില്ലകളിലുള്ള സ്ഥലങ്ങളും കൂടി കണ്ടെത്തി അത് ശുപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റ് വിട്ടു തരാം എന്ന് പറഞ്ഞ വനഭൂമി കൂടി ലഭിച്ചുകഴിഞ്ഞാൽ നിലവിലുള്ള 22000 കുടുംബങ്ങൾക്കും ഭൂമി നൽകാൻ കഴിയും എന്ന് തന്നെയാണ് വിശ്വാസം. അതുകൊണ്ട് അതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ : എന്റെ ഒന്നാമത്തെ ചോദ്യത്തിൽ ഞാൻ ഉദ്ദേശിച്ച കാര്യം മൊത്തം എത്ര ഏക്കർ ഭൂമി ഇതിന് ആവശ്യമുണ്ട് എന്ന് വ്യക്തമാക്കണം എന്നതാണ്. രണ്ടാമത്തെ ചോദ്യം, ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്ത ഭൂമിയാണ് പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പേരാമ്പ്ര എസ്റ്റേറ്റിന്റെ ഭാഗമായ ഭൂമി. അത് വയനാട് ജില്ലയിലുള്ള ആദിവാസികൾക്ക് പതിച്ചു കൊടുക്കുകയും ചെയ്തു. പക്ഷേ ആ ഭൂമി കൈവശപ്പെടുത്താൻവേണ്ടി ഈ കുടുംബങ്ങൾ വന്നപ്പോൾ അവിടെ കയറി താമസിക്കാൻ തീരെ പറ്റാത്ത ഭൂമി ആയതുകൊണ്ട് അവർ അവിടെനിന്നും വിട്ടു പോവുകയുണ്ടായി. അവർ വയനാട് ജില്ലാ കളക്ടറേറ്റിനു മുന്നിൽ സമരം പോലും സംഘടിപ്പിക്കുകയുണ്ടായി. അപ്പോൾ താമസയോഗ്യമല്ലാത്ത ഭൂമി ഒഴിവാക്കി താമസയോഗ്യമായ ഭൂമി നൽകുന്നതിന് ആവശ്യമായ നടപടി എടുക്കുമെന്ന് ഗവൺമെന്റ് ഉറപ്പു വരുത്തുമോ?

ശ്രീ. എ. പി. അനിൽ കുമാർ : സംസ്ഥാനത്ത് 32131 ഒരേക്കറിന് താഴെഭൂമിയുള്ള ആദിവാസി കുടുംബങ്ങൾക്ക് ചുരുങ്ങിയത് ഒരേക്കർ ഭൂമി നൽകുന്നതിന് 22052 ഏക്കറും അഞ്ച് ഏക്കർ വീതം നൽകുന്നതിന് 114260 ഏക്കറും വേണ്ടിവരും എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം പേരാമ്പ്രയിലെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ മൂന്നര വർഷക്കാലത്തിനിടയ്ക്ക് ഏതാണ്ട് 10 കുടുംബങ്ങൾക്ക് കൊടുത്ത ഭൂമിയാണ് താമസയോഗ്യമല്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലാണ്. ആ കുടുംബങ്ങൾക്കും വേറെ ഭൂമി കണ്ടെത്തി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ : സർ, വയനാട് ജില്ലയിലെ ആദിവാസികൾക്ക് ജില്ലയിൽ തന്നെ സ്വകാര്യ വ്യക്തികളുടെ ഭൂമി ചെറിയ വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ : വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ആദിവാസികൾക്ക് ഭൂമി കൊടുക്കേണ്ടത്. ആറളം ഫാം വാങ്ങിയപ്പോൾ തന്നെ അവിടെ നിന്നും 2/3 ഭാഗം വരുന്ന ഭൂമിയും വയനാട് ജില്ലയിലെ ആദിവാസികൾക്ക് കൊടുക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിലും ഏതാണ്ട് 800 ഏക്കർ ഭൂമി പല രീതിയിൽ നമ്മൾ അവിടെ കണ്ടെത്തിയിട്ടുണ്ട്. അത് വയനാട്ടിലെ ആദിവാസികൾക്ക് കൊടുത്തുകഴിഞ്ഞാലും മറ്റു ജില്ലകളിൽ കൂടി കൊടുക്കേണ്ടിവരും എന്നതിന്റെ അടിസ്ഥാനത്തിലാണ് ആറളം ഫാമിൽ 2/3 ഭാഗം കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. വയനാട് ജില്ലയിൽ തന്നെ കൂടുതൽ ഭൂമി ലഭ്യമാകുകയാണെങ്കിൽ അവിടെ തന്നെ കൊടുക്കുവാനുള്ള നടപടിയുണ്ടാകും.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ സഭയിൽ തന്നെ ഞാൻ ആറോ ഏഴോ പ്രാവശ്യം ചോദിച്ച ചോദ്യം ആവർത്തിച്ച് പുതിയ മന്ത്രിയോട് ചോദിക്കുകയാണ്. ആദിവാസികൾ ഭൂമിക്കുവേണ്ടി നടത്തിയ സമരവും അതിനെ തുടർന്നുണ്ടായ പോലീസ് അതിക്രമങ്ങളും ഒക്കെ നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ആ സമരവുമായി ബന്ധപ്പെട്ട് കൊല ചെയ്യപ്പെട്ട ജോഗി എന്ന ആദിവാസിയുടെ കുടുംബത്തിന് സർക്കാർ സഹായം നൽകാം എന്ന് ഈ സഭയിൽ ഉറപ്പ് നൽകിയിട്ടുള്ളതാണ്. ഇതുവരെ ആ സഹായം നൽകിയിട്ടില്ല എന്ന് മാത്രമല്ല; ആ ഭൂമിക്കുവേണ്ടിയുള്ള സമരവുമായി ബന്ധപ്പെട്ട് നൂറുകണക്കിന് ആദിവാസി കുടുംബങ്ങൾക്കെതിരെ സ്ത്രീകൾക്ക് എതിരെ ഉൾപ്പെടെ-കേസ് ചാർജ് ചെയ്ത് അവരെല്ലാം കോടതികളിൽകയറിയിറങ്ങി നടക്കുകയാണ്. ആ കേസുകൾ ഒഴിവാക്കാനും അവരെ പീഡനത്തിൽനിന്നും രക്ഷപ്പെടുത്താനും എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ : ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യം ഭൂമിയുമായി ബന്ധപ്പെട്ട കാര്യമല്ല. എങ്കിലും ഒരു പ്രത്യേക ചോദ്യമായി ചോദിച്ചതുകൊണ്ട് അതിന് വിശദമായ മറുപടി പിന്നീട് തരുന്നതാണ്.

ശ്രീ. എ. കെ. മണി : സർ, ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നത് ഇൻഡ്യയിൽ തന്നെ മാതൃകയായ ഒരു സ്റ്റേറ്റിലും നടപ്പാക്കാത്ത സംഭവമാണ്. ട്രൈബൽ സ്റ്റേറ്റ് ആയ മേഘാലയയിൽപോലും ഇത്തരം ഒരു പരിപാടി നടത്താൻ കഴിഞ്ഞില്ല. ഇത്തരം മഹത്തായ ഒരു തീരുമാനം ശ്രീമാൻ എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റിൽ നിന്ന് ഉണ്ടാകുകയും എന്റെ മണ്ഡലത്തിലെ മറയൂർ പഞ്ചായത്തിൽ വച്ച് അതിന്റെ സംസ്ഥാനതല ഉത്ഘാടനം നടത്തുകയും ചെയ്തു. മറയൂരിൽ കാന്തല്ലൂർ, ചിന്നക്കനാൽ, മൂന്നാർ പഞ്ചായത്തുകളിലാണ് ആദ്യം സ്ഥലം വിതരണം ചെയ്തത്. ഗവൺമെന്റിന്റെ ആശയപരമായ തീരുമാനം തകിടം മറിക്കുവാൻവേണ്ടി ചില ഉദ്യോഗസ്ഥൻമാർ ശ്രമിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പലപ്പോഴും കൊണ്ടുവന്നിട്ടുപോലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു തീരുമാനം എടുക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ചിന്നക്കനാൽ എന്ന സ്ഥലത്ത് 434 കുടുംബങ്ങൾക്ക് ഭൂമി ലഭിച്ച് രണ്ടര വർഷമായിട്ടും അവിടെനിന്നും ഇതുവരെ വിളവെടുക്കുവാൻ കഴിഞ്ഞിട്ടില്ല. മരങ്ങൾ ഉള്ളതുകൊണ്ട് ആ മരങ്ങൾ വെട്ടിമാറ്റാൻ സാദ്ധ്യമല്ലാതിരിക്കുകയാണ്. റവന്യൂ ഭൂമിയിൽ ഫോറസ്റ്റിന്റെ ആളുകൾ മരം വച്ചു പിടിപ്പിച്ചതുകൊണ്ട് അത് വെട്ടിമാറ്റാനോ അവിടെ കൃഷി ചെയ്യാനോ സാധിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയും ഫോറസ്റ്റ് വകുപ്പുമന്ത്രിയും കൂടി ആലോചിച്ച് ഈ മരങ്ങൾ വെട്ടിമാറ്റി അവിടെ കൃഷി ചെയ്യാൻ വേണ്ടിയുള്ള നടപടി എടുത്തില്ലെങ്കിൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകും. ഇതിൽ ഗവൺമെന്റിന്റെ നിലപാട് എന്തെന്ന് വിശദമാക്കാമോ?

ശ്രീ. എ. പി. അനിൽ കുമാർ : ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ചിന്നകനാലിന്റെ കാര്യത്തിൽ അവരെ സംബന്ധിച്ചിടത്തോളം രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന് വന്യജീവികളുടെ ആക്രമണം കൊണ്ട് അവിടെ താമസിക്കാൻ പറ്റില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ അവിടെ മരം മുറിക്കുന്നതിന് എതിരായിട്ട് നിലപാട് എടുത്തിട്ടുണ്ട്. ഏതായാലും ഈ രണ്ട് കാര്യത്തിലും അവിടെ ഹെൻസിംഗ് ഉൾപ്പെടെ നടപ്പിലാക്കിക്കൊണ്ട് ഭൂമി കൊടുത്ത് ആദിവാസികൾക്ക് അവിടെ ജീവിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ മാനേജുമെൻറ് ആന്റ് പ്ലാനിംഗ് ഏജൻസി (സി.എ.എം.പി.എ.) എന്ന സ്ഥാപനത്തിന് 600 കോടി രൂപ കെട്ടിവയ്ക്കണമെന്നുള്ളത് സുപ്രീംകോടതി വിധിയായിരുന്നു. ആ വിധിയെ മറികടക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ആ പണം കൊടുത്താൽ ഏഴായിരത്തിൽ ചില്വാനം ഏക്കർ ഭൂമി നമുക്ക് വിട്ടുതരും എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് സത്യമാണോ എന്നാണ് എനിക്ക് ഒരിക്കൽ കൂടി അറിയേണ്ടത്.

ശ്രീ. എ. പി. അനിൽ കുമാർ : നിലവിലുള്ള വിധി അനുസരിച്ച് നമുക്ക് ഭൂമി വിട്ടുകിട്ടണമെങ്കിൽ 600 കോടി രൂപ കൊടുക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽനിന്നും ഒഴിവാക്കികിട്ടുവാൻവേണ്ടി മുൻ സംസ്ഥാന ഗവൺമെന്റ് തന്നെ സുപ്രീം കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആ അപേക്ഷയ്ക്ക് അനുകൂലമായി കേന്ദ്ര ഗവൺമെന്റ് കൂടി അഫിഡവിറ്റ് നൽകിട്ടുണ്ട്. അതും കൂടി ആയിക്കഴിഞ്ഞാൽ നിലവിലുള്ള സുപ്രീം കോടതി വിധിയിൽ നിന്ന് കേരളത്തിന് കൊടുക്കാനുള്ള വനഭൂമിയെ ഒഴിവാക്കണം എന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റ് അനുകൂലമായ തീരുമാനം പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും അത് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly